**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3388** **11-03-2025 - ൽ മറുപടിയ്ക്ക്**

**ഡെസ്റ്റിനേഷൻ ടൂറിസം ചലഞ്ച് പദ്ധതിക്കായി പഞ്ചായത്തിന് ഭൂമി കൈമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വിളപ്പിൽ പഞ്ചായത്തിൽ കടുമ്പുപാറയിൽ ഡെസ്റ്റിനേഷൻ ടൂറിസം ചലഞ്ച് പദ്ധതിക്കായി പഞ്ചായത്തിന് ഭൂമി കൈമാറിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇതു സംബന്ധിച്ച് ഉത്തരവ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (എ) | ഭൂമി കൈമാറിയിട്ടില്ല.<br><br>തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽ ഗ്രാമ പഞ്ചായത്തിലെ കടുമ്പുപാറ ഡെസ്റ്റിനേഷൻ ചലഞ്ച് ടൂറിസം പദ്ധതിയ്ക്കായി വിളപ്പിൽ വില്ലേജിൽ ബ്ലോക്ക് നം. 11 -ൽ റീസർവ്വെ നം. 73 ൽപ്പെട്ട 20.23 ആർ പാറ പുറമ്പോക്ക് അനുവദിക്കുന്നത് സംബന്ധിച്ച് പ്രൊപോസൽ ലഭ്യമാക്കാൻ ലാൻഡ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>ടി ഭൂമി ആവശ്യപ്പെട്ടുകൊണ്ടുള്ള അർത്ഥനാപത്രം ലഭ്യമാക്കുന്നതിന് ടൂറിസം വകുപ്പിനും, ടി പദ്ധതിയുടെ ഭരണാനുമതി, രൂപരേഖ, വിശദമായ പ്രൊജക്ട് റിപ്പോർട്ട്, ടൂറിസം വകുപ്പും വിളപ്പിൽ ഗ്രാമപഞ്ചായത്തും എടുത്തിട്ടുള്ള തീരുമാനങ്ങളുടെ വിവരങ്ങൾ എന്നിവ ലഭ്യമാക്കുവാൻ വിളപ്പിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്കും തിരുവനന്തപുരം ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ആയത് ഉൾപ്പെടെയുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ